പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. ഇതിന്റെ ആദ്യപടിയായി തൃശൂർ ജില്ലയിലെ മുണ്ടത്തിക്കോട്, മലപ്പുറം ജില്ലയിലെ പൂക്കോറ്റൂർ, നെടിയിരിപ്പ്, പാലക്കാട് ജില്ലയിലെ എരിമയൂർ, കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ എന്നീ പഞ്ചായത്തുകളിൽ പൈലറ്റു പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) ലോകബാങ്കിൽ നിന്നും ഇതുവരെ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. സർക്കാർ 2.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ആവശ്യമുള്ള മേഖലകളിൽ കേരള വാട്ടർ അതോറിറ്റിയുടെ സാങ്കേതിക സഹായം ലഭ്യമാണ്. കൂടാതെ വാട്ടർ അതോറിറ്റിയിലെ പല ഉദ്യോഗസ്ഥന്മാരും ഈ സ്ഥാപനത്തിൽ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തുവരുന്നു.

ശുദ്ധജലവിതരണ പദ്ധതി

45(250) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അകലക്കുന്നം പഞ്ചായത്തിൽ നടപ്പിലാക്കിയ ശുദ്ധജലവിതരണ പദ്ധതിയുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പരാതി പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതിയിൽ നിന്നും ഇപ്പോൾ എത്രപേർക്ക് കുടിവെള്ളം കിട്ടുന്നുണ്ട് ;

(ഡി) ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്ന എല്ലാ പ്രദേശങ്ങളിലും വെള്ളം എത്തിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊട്ടിയ പൈപ്പുകൾക്ക് പകരം പുതിയ പൈപ്പുകൾ സ്ഥാപിച്ച് പൊതുജനങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു.

(സി) 1000 പേർക്ക് കുടിവെള്ളം കിട്ടുന്നുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കീഴ്പറമ്പ് ശുദ്ധജല പദ്ധതി

46(251) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ കീഴുപറമ്പ് ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണം പൂർത്തിയായോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(സി) വിതരണ ശൃംഖലയ്ക്കുവേണ്ട പൈപ്പുകൾ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ പൈപ്പുകളുടെ ലഭ്യത ഉറപ്പാക്കാനും പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യാനും വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) ഇതിന്റെ വിതരണ ശൃംഖലയുടെ 9300 മീറ്റർ എ.സി.പൈപ്പിന്റെ പണി എത്രയും വേഗം പൂർത്തികരിച്ച് 2001 മാർച്ചിൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യാൻ ഉദ്ദേശിക്കുന്നു.

(സി) ഇല്ല. വിതരണ ശൃംഖലയ്ക്ക് ആവശ്യമായ പി.വി.സി.പൈപ്പുകൾ 1998-99-ലെ പി.വി.സി.പൈപ്പ് ടെണ്ടറിൽ ഉൾപ്പെടുത്തിയിരുന്നു. രണ്ടുപ്രാവശ്യം ടെണ്ടർ വിളിച്ചെങ്കിലും ടെണ്ടർ ഉറപ്പിക്കാൻ കഴിഞ്ഞില്ല. വീണ്ടും ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

പിറവം നിയോജകമണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ

47(252) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിൽ 1991 മേയ് മാസം മുതൽ 2000 നവംബർ 30 വരെ എത്ര ശുദ്ധജലവിതരണപദ്ധതികൾ കമ്മിഷൻ ചെയ്തിട്ടുണ്ട് ; അവ ഏതെല്ലാം ;

(ബി) അവ ഓരോന്നും കമ്മീഷൻ ചെയ്ത തീയതി വെളിപ്പെടുത്തുമോ ;

(സി) ഓരോ പദ്ധതി പ്രകാരവും ഏതെല്ലാം പഞ്ചായത്തുകളിൽ എത്ര പേർക്ക് ശുദ്ധജലം നൽകുന്നതിന് കഴിഞ്ഞിട്ടുണ്ട് ;

(ഡി) ഓരോ പദ്ധതിക്കും ചെലവായ തുക എത്ര ?

ഉത്തരം

(എ) താഴെ പറയുന്ന മൂന്ന് പദ്ധതികൾ പ്രസ്തുത കാലഘട്ടത്തിൽ കമ്മീഷൻ ചെയ്തിട്ടുണ്ട്.

1. മണീട്-മുളന്തുരുത്തി വില്ലേജുകൾക്ക് വേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly